(ഇ) നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാണ് ഫെഡറേഷൻ ഇപ്പോൾ മുൻഗണന നൽകുന്നത്. സർക്കാരിൽനിന്നും സബ്സിഡി നഷ്ടയിനത്തിൽ ലഭിക്കാനുള്ള തുക അനുവദിക്കുകയും ജില്ലാ ബാങ്കുകളിൽനിന്നും സർക്കാർ ഗ്യാരന്റിയോടെ എടുക്കുന്നതിന് അനുവാദം നൽകിയിട്ടുള്ള 150 കോടി രൂപയുടെ വായ്പ ലഭിക്കുകയും ചെയ്താൽ സ്റ്റോറുകളുടെ വില്പന മെച്ചപ്പെടുകയും ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കുകയും ചെയ്യുന്നതാണ്.

അടച്ചുപൂട്ടുന്ന ത്രിവേണി ഔട്ട്‌ലെറ്റുകളും ഗോഡൗണുകളും

122 (467) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം ത്രിവേണി ഔട്ട്‌ലെറ്റുകളും ഗോഡൗണുകളുമാണ് അടച്ചുപൂട്ടുന്നതിന് ഉത്തരവായതെന്ന് അറിയിക്കുമോ ;

(ബി) വാളകത്ത് പ്രവർത്തിച്ചിരുന്ന ത്രിവേണി ഗോഡൗൺ അടച്ചുപൂട്ടുന്നതിന് ഇടയായ സാഹചര്യം വെളിപ്പെടുത്താമോ ;

(സി) അടച്ചുപൂട്ടിയ ത്രിവേണി ഔട്ട്‌ലെറ്റുകളിലെ ജീവനക്കാരുടെ തൊഴിൽ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാളകം, കളക്കട എന്നീ ത്രിവേണി ഗോഡൗണുകൾ അടച്ച് പൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ 7 ഗ്രോസറി ഗോഡൗണും ഒരു കോസ്മെറ്റിക്സ് ഗോഡൗണും പ്രവർത്തിച്ചുവന്നിരുന്നു. വാളകം ഗോഡൗണിന്റെ സമീപത്ത് നിന്നും അധികം ദൂരത്തല്ലാതെ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തേക്കുള്ള ത്രിവേണികൾക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ കഴിയുമെന്ന സാഹചര്യത്തിൽ സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായിട്ടാണ് വാളകം ഗോഡൗൺ അടച്ചുപൂട്ടാൻ തീരുമാനിച്ചത്.

(സി) അടച്ചുപൂട്ടിയ ത്രിവേണി സ്റ്റോറിലെ ജീവനക്കാരെ കൺസ്യൂമർ ഫെഡറേഷന്റെ മറ്റ് യൂണിറ്റുകളിലേക്ക് പുനർവിന്യസിച്ചുകൊണ്ട് അവരുടെ തൊഴിൽ സംരക്ഷണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly